QP CODE: 21100603

21100603

Reg No : ....................

Name : ....................

# B.A DEGREE (CBCS)EXAMINATION, MARCH 2021

## Third Semester

## Complementary Course - ML3CMT05 - ഒരു എഴുത്തുകാരൻ - എഴുത്തുകാരി - മാധവിക്കുട്ടി

Common to B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing, B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

ABD2F233

Time: 3 Hours Max. Marks : 80

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *2* മാർക്ക് വീതം.

1. ആ വാക്കുകൾ മരണമൊഴി എന്നപോലെ എന്നെ മരവിപ്പിക്കുന്നതായി എനിക്കു തോന്നുന്നു. വാക്കുകളെന്ത്?
2. 'ലോകമൊരു കവയിത്രിയെ നിർമ്മിക്കുന്നു' എന്ന കഥയിലെ ഭർത്താവിന് തന്റെ ഭാര്യയെ ഇതേവരെ മനസ്സിലാക്കാൻ കഴിയാതെപോയത് എന്തുകൊണ്ട്?
3. ചിരിക്കുന്നത് ആ സന്ദർഭത്തിൽ മോശമായതുകൊണ്ടു മാത്രം അവൾ ചിരിച്ചില്ല. സന്ദർഭം ഏത് ?
4. “അവന്റെ അലറിക്കരച്ചിൽ എന്റെ ഹൃദയം ആഹ്ലാദത്തിൽ അലറിപ്പറഞ്ഞു”. എന്ത് എന്തുകൊണ്ട് ?
5. 'ഈ നെയ് വിളക്കിന്റെ ജ്വാല എന്റെ ഭാവിയെ തടവിലാക്കുന്നു'. ഇങ്ങനെ ചിന്തിക്കുന്നതിനു പിന്നിലെ പ്രേരകശക്തി എന്ത്?
6. 'ഇല്ല സുഭദ്ര ഞാൻ നിന്റെ ഹോട്ടലിലേക്ക് വരികയാണ്. നിന്റെ പേരിനെ കളങ്കപ്പെടുത്തുവാൻ ഞാൻ ഇച്ഛിക്കുന്നില്ല'. ശാസ്ത്രികൾ ഇങ്ങനെ പറയുന്നതെന്തുകൊണ്ട്?
7. 'ഓരോ കുടുമ്മത്തില് ഓരോ നെയമാ. കുട്ടിയായിട്ട് ആ നെയമം തെറ്റിക്കണ്ടാ' എന്താണ് നിയമം?
8. അമോൽമിത്ര - കുറിപ്പെഴുതുക.
9. 'നീ എന്നെ ഒറ്റുകൊടുക്കും. ഞാൻ നിന്നെ വഞ്ചിക്കില്ല'. ഇവിടെ കവയിത്രി

വിവരിക്കുന്നതെന്താണ്?

10. 'നിന്റെ ശരീരം എനിക്കൊരു തടവറയാണ്'. കാരണമെന്ത് ?

11. 'ചതുരംഗം' എന്ന കഥയിൽ അചല ഭർത്താവിനോട് പ്രതികാരം ചെയ്യുന്നത് എങ്ങനെ?

12. 'നഷ്ടപ്പെട്ട നീലാംബരി'യിലെ സുഭദ്രയിലെ പാട്ടുപഠിത്തം അവസാനിച്ചതെങ്ങനെ?

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും *5* മാർക്ക് വീതം.

13. മാതൃത്വത്തിന്റെ വ്യത്യസ്തതകൾ അമ്മ, കോലാട്, എന്നീ കഥകളിൽ എങ്ങനെ ആവിഷ്കൃതമാകുന്നു?

14. “ഇപ്പോൾ തന്നെക്കൊണ്ട് ആർക്കും ഒരാവശ്യവും ഇല്ലാതായി ”എന്ന ചിന്തയിലേക്ക് അമ്മയെ നയിച്ച ഘടകങ്ങൾ എന്തെല്ലാം ?

15. സ്വത്വത്തെക്കുറിച്ചുള്ള സങ്കല്പം ഏകമുഖിയെന്ന കവിതയിൽ എങ്ങനെ പ്രത്യക്ഷപ്പെടുന്നു ?

16. പരമ്പരാഗതമായ സ്ത്രീപുരുഷബിംബങ്ങൾ പ്രകൃതിയും പുരുഷനും എന്ന കവിതയിൽ എങ്ങനെ പ്രത്യക്ഷപ്പെടുന്നു ?

17. ‘നിലാവിന്റെ മറ്റൊരിഴ’ എന്ന കവിതയിൽ തെറ്റുകളെ കവയിത്രി ചിത്രീകരിക്കുന്നതെങ്ങനെ ?

18. മാധവിക്കുട്ടിയുടെ രചനകളിലെ ഭാഷാപരമായ പ്രത്യേകതകൾ വ്യക്തമാക്കുക.

19. കിടപ്പുമുറിയിൽ പട്ടുതലയിണയെ ഒരു കുട്ടി എന്നപോലെ കെട്ടിപ്പിടിച്ച് കമഴ്ന്നു കിടന്നുകൊണ്ട് അവൾ തേങ്ങിക്കരഞ്ഞു. സന്ദർഭം വിശദമാക്കുക.

20. മാനസിയെ സ്വന്തമാക്കാൻ വിജയ് നടത്തുന്ന ഉപജാപങ്ങൾ എന്തെല്ലാം?

21. 'നഷ്ടപ്പെട്ട നീലാംബരി'യിലെ ജ്ഞാനത്തിന്റെ സ്വഭാവത്തെ വിലയിരുത്തുക?

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും *15* മാർക്ക് വീതം.

22. പ്രമേയഘടനകൊണ്ടും ആഖ്യാനത്തിലെ സവിശേഷതകൊണ്ടും മാധവിക്കുട്ടിയുടെ മറ്റു കഥകളിൽനിന്നും “പക്ഷിയുടെ മണം” എന്ന കഥ

എപ്രകാരം വ്യത്യസ്തമാകുന്നു?

23. തടവ്, തടവറ എന്ന ബിംബങ്ങളെ തടവുകാരി, കൃഷ്ണൻ എന്നീ കവിതകളെ മുൻനിർത്തി വ്യാഖ്യാനിക്കുക.

24. മാധവിക്കുട്ടിയുടെ ബാല്യകാലസ്മരണകൾ സംഗ്രഹിക്കുക.

25. ഭാവനയുടെയും യാഥാർത്ഥ്യത്തിന്റെയും അതിർവരമ്പുകൾ തിരിച്ചറിയാൻ കഴിയാത്തവിധം കഥാശില്പമായി മാറിയ കൃതിയാണ് 'എന്റെ കഥ'- ചർച്ച ചെയ്യുക

(2×15=30)